## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1457 06.03.2020 ലെ മറുപടിക്ക്

**കെട്ടിട നിർമ്മാണ പെർമിറ്റിനു കിണർ റീചാർജിംഗും, മഴവെള്ള സംഭരണിയും**

**ചോദ്യം**

ശ്രീ.ശ്രീ.ഐ.ബി.സതീഷ്

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റിന് കിണർ റീചാർജിംഗും, മഴവെള്ള സംഭരണിയും നിർബന്ധമാക്കിയിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ
(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)

2019-ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന് കിണർ റീചാർജിംഗും മഴവെള്ള സംഭരണിയും നിർബന്ധമാക്കിയിട്ടുണ്ട്. ഇവ കൂടി ഉൾപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകുകയുള്ളൂ. അപായകരമായ വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളും കുടിലുകളും ഒഴികെയുള്ള മറ്റു വിനിയോഗ ഗണത്തിലുള്ള എല്ലാ പുതിയ കെട്ടിടങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂര മുകളിലെ മഴവെള്ള ശേഖരണത്തിലൂടെ പ്രവർത്തനക്ഷമതയുള്ള മഴവെള്ള സംഭരണി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ആയതിൽ മേൽക്കൂരയുടെ ഓവുചാൽ, താഴേക്കുള്ള പൈപ്പും ആദ്യത്തെ ഫ്ലഷ് പൈപ്പ് ക്രമീകരണവും, അരിക്കാനുള്ള യൂണിറ്റ് വെള്ളം എടുക്കുന്നതിനും, വെള്ളം നിറഞ്ഞൊഴുകുന്നതിനുള്ള സംവിധാനങ്ങളോട് കൂടിയ സംഭരണി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**